# ആരോഗ്യ കേരളം

arogyakeralam newsletter

December 2025

Follow us on

arogyakeralam.gov.in




## ആരോഗ്യമുള്ള അമ്മ കുഞ്ഞ് കുടുംബം

- ആരോഗ്യകരമായ ഭക്ഷണം
- ലഘുവായ വ്യായാമങ്ങൾ
- കൃത്യമായ ഇടവേളകളിലെ പരിശോധനകൾ
- ആവശ്യമായ വിശ്രമം
- മാനസിക സമ്മർദ്ദം ലഘൂകരിക്കുന്ന കുടുംബാന്തരീക്ഷം

**ഇടമലക്കുടിയിൽ ആരോഗ്യപ്രവർത്തകരുടെ അടിയന്തിര ഇടപെടൽ**

# ഗർഭിണിയുടെയും കുഞ്ഞിന്റെയും ജീവൻ രക്ഷിച്ചു

ഇടുക്കി: ഇടമലക്കുടിയിൽ ഗർഭിണിയുടെയും കുഞ്ഞിന്റെയും ജീവൻ രക്ഷിച്ച് ആരോഗ്യപ്രവർത്തകർ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ 18 കിലോമീറ്റർ വനത്തിനുള്ളിലെ ഇടമലക്കുടി ഉന്നതിയിൽ നിന്നും ഗർഭിണിയെ ആംബുലൻസിൽ അടിമാലി താലൂക്കാശുപത്രിയിൽ എത്തിച്ചാണ് പ്രസവം സുരക്ഷിതമാക്കിയത്. അമ്മയും കുഞ്ഞും സുഖമായിരിക്കുന്നു.



ക്ഷയരോഗ ബോധവത്ക്കരണവുമായി ബന്ധപ്പെട്ട് ഇടമലക്കുടി കുടുംബാരോഗ്യകേന്ദ്രത്തിൽ തങ്ങിയ ആരോഗ്യപ്രവർത്തകരാണ് രക്ഷകരായത്. തൊടുപുഴ മൊബൈൽ മെഡിക്കൽ യൂണിറ്റിലെ ഡോ. അയ്യപ്പദാസ്, ഇടമലക്കുടി മെഡിക്കൽ ഓഫീസർ ഡോ സാഹിൽ രവീന്ദ്രൻ, നഴ്സിംഗ് ഓഫീസർ വെങ്കിടേഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സുനിൽ കുമാർ എന്നിവർ ഉൾപ്പെട്ട മെഡിക്കൽ സംഘമാണ് 8 മാസം ഗർഭിണിയായ സ്ത്രീക്ക് അടിയന്തിര പരിചരണം നൽകിയത്.

നവംബർ 12 അർധരാത്രിയോടെയാണ് യുവതിയ്ക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടത്. രാത്രി 2 മണിയോടെ ഉന്നതിയിൽ നിന്ന് ബന്ധുക്കൾ ഇടമലക്കുടി കുടുംബാരോഗ്യകേന്ദ്രത്തിലെത്തി ഗർഭിണിയായ യുവതിക്ക് ശക്തമായ നടുവിന് വേദനയാണെന്ന് അറിയിച്ചു. ഉടൻ തന്നെ മെഡിക്കൽ സംഘം ഉന്നതിയിലെ വീട്ടിൽ എത്തി യുവതിയെ പരിശോധിച്ചു. പരിശോധനയിൽ പ്രസവവേദനയാകാം എന്ന് മനസ്സിലാക്കിയതിനെ തുടർന്ന് അടിയന്തിരമായി ആംബുലൻസ് എത്തിച്ചു തുടർചികിത്സയ്ക്കായി അടിമാലി താലൂക്കാശുപത്രിയിൽ എത്തിച്ചു. ആശുപത്രിയിലെ പരിശോധനയിൽ പ്രസവവേദനയാണെന്ന് സ്ഥിരീകരിച്ചു വിദഗ്ധ പരിചരണം ഉറപ്പാക്കി പിറ്റേന്ന് ഉച്ചയ്ക്ക് 12.30 ന് യുവതി 2.5 കിലോഗ്രാം ഭാരമുള്ള കുഞ്ഞിന് ജന്മം നൽകി.

താലൂക്കാശുപത്രിയിൽ ആരോഗ്യവകുപ്പ് ജീവനക്കാർ പ്രസവ ചികിത്സക്ക് നേതൃത്വം നൽകി. പ്രഥമ ശ്രുശ്രൂഷ നൽകി കൃത്യസമയത്ത് ആംബുലൻസിൽ അടിമാലി താലൂക്കാശുപത്രിയിൽ എത്തിച്ച് വിദഗ്ധ ചികിത്സാ ഉറപ്പാക്കിയതിനാലാണ് കുട്ടിയുടേയും അമ്മയുടേയും ജീവൻ ഒരുപോലെ രക്ഷിക്കാൻ സാധിച്ചത്.

കോട്ടയം മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗത്തിന്

# എൻ.എ.ബി.എച്ച് സർട്ടിഫിക്കേഷൻ

സംസ്ഥാനത്ത് ഒരു മെഡിക്കൽ കോളേജിന് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിക്കുന്നത് ആദ്യമായി



തിരുവനന്തപുരം: കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗത്തിന് എൻ.എ.ബി.എച്ച് സർട്ടിഫിക്കേഷൻ (National Accreditation Board for Hospitals & Healthcare Providers - Emerald) ലഭിച്ചു. സംസ്ഥാനത്ത് ഒരു സർക്കാർ മെഡിക്കൽ കോളേജിന് എൻ.എ.ബി.എച്ച് സർട്ടിഫിക്കേഷൻ ലഭിക്കുന്നത് ഇത് ആദ്യമായാണ്. മാനദണ്ഡങ്ങൾ പാലിച്ച് എമർജൻസി മെഡിസിൻ വിഭാഗം സജ്ജമാക്കിയതിനാണ് എൻ.എ.ബി.എച്ച് സർട്ടിഫിക്കേഷൻ ലഭിച്ചത്. ആശുപത്രിയുടെ സേവന നിലവാരത്തിനും പ്രവർത്തന മാനദണ്ഡങ്ങൾക്കും ലഭിച്ച ഏറ്റവും ഉയർന്ന അംഗീകാരം കൂടിയാണിത്.

**ആശുപത്രിയുടെ സേവന നിലവാരത്തിനും പ്രവർത്തന മാനദണ്ഡങ്ങൾക്കും ലഭിച്ച ഏറ്റവും ഉയർന്ന അംഗീകാരം**

ധാരാളം രോഗികൾ ആശ്രയിക്കുന്ന കോട്ടയം മെഡിക്കൽ കോളേജിൽ മികച്ച സൗകര്യങ്ങളാണ് സജ്ജമാക്കിയത്. ഇന്ത്യയിൽ ആദ്യമായി ഒറ്റ ദിവസം ഹൃദയം, ശ്വാസകോശം, വൃക്ക എന്നീ 3 പ്രധാന അവയവങ്ങൾ കോട്ടയം മെഡിക്കൽ കോളേജിൽ മാറ്റിവച്ചു. സർക്കാർ ആശുപത്രിയിൽ ശ്വാസകോശം മാറ്റിവച്ചതും ആദ്യമായാണ്. പതിനൊന്ന് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളാണ് ഇവിടെ നടത്തിയത്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും നടത്തി വരുന്നു.

അത്യാഹിത വിഭാഗത്തിൽ ഉൾപ്പെടെ മികച്ച ഗുണനിലവാരമുള്ള ചികിത്സ ഉറപ്പാക്കുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇൻഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കിയിരുന്നു. എമർജൻസി മെഡിസിൻ വിഭാഗത്തിൽ പിജി കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷനും ആരോഗ്യ സർവകലാശാലയുടെ എ ഗ്രേഡ് അക്രഡിറ്റേഷനും നേടിയിട്ടുണ്ട്. രോഗിസൗഹൃദ സേവനങ്ങൾ, സുരക്ഷാ പ്രോട്ടോകോളുകൾ, ശുചിത്വം, അടിയന്തര സേവനങ്ങളുടെ കാര്യക്ഷമത, നിലവാര നിയന്ത്രണം തുടങ്ങിയ എല്ലാ മേഖലകളിലും നടപ്പാക്കിയ പുരോഗതികളെ അടിസ്ഥാനമാക്കിയാണ് എൻ.എ.ബി.എച്ച് അംഗീകാരം ലഭിച്ചത്. ഈ അംഗീകാരം, രോഗികൾക്ക് കൂടുതൽ നിലവാരമുള്ള ചികിത്സയും സുരക്ഷിതമായ ആശുപത്രി സംവിധാനങ്ങളും ഉറപ്പാക്കുന്നതിനുള്ള കൃത്യമായ മാർഗരേഖകൾ പാലിക്കുന്നതിന്റെ തെളിവാണിത്.

വയനാട് ഗവ. മെഡിക്കൽ കോളേജിൽ

# ആർത്രോസ്കോപ്പിക് റൊട്ടേറ്റർ കഫ് റിപ്പയർ വിജയകരം



തിരുവനന്തപുരം: ഗവ. മെഡിക്കൽ കോളേജിൽ ആദ്യമായി അതിസങ്കീർണമായ ആർത്രോസ്കോപ്പിക് റൊട്ടേറ്റർ കഫ് റിപ്പയർ വിജയകരമായി നടത്തി. ഓർത്തോപീഡിക്സ് വിഭാഗമാണ് ഈ പ്രൊസീജിയർ നടത്തിയത്. ഹൃദ്രോഗിയായ കമ്പളക്കാട് സ്വദേശി 63കാരനിലാണ് ശസ്ത്രക്രിയ നടത്തിയത്.

മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയാ സേവനങ്ങളിൽ സുപ്രധാന നാഴികക്കല്ലാണിത്. കീഹോൾ ആർത്രോസ്കോപ്പിക് സംവിധാനങ്ങൾ ഉപയോഗിച്ചാണ് തോളിൽ ശസ്ത്രക്രിയ നടത്തിയത്. വേദന കൂടുതലുള്ള പരമ്പരാഗത തുറന്ന ശസ്ത്രക്രിയയെ അപേക്ഷിച്ച് ഇത്തരം സാങ്കേതികവിദ്യ രോഗിയെ എളുപ്പത്തിൽ ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കും.

ഓർത്തോപീഡിക്സ് യൂണിറ്റ് മേധാവി ഡോ. രാജു കറുപ്പലിന്റെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടന്നത്. ശസ്ത്രക്രിയാ വിദഗ്ധരായ ഡോ. സുരേഷ്, ഡോ. ഇർഫാൻ, അനസ്തറ്റിസ്റ്റുമാരായ ഡോ. ബഷീർ, ഡോ. ഉസ്മാൻ, നഴ്സിംഗ് ടീം അംഗങ്ങൾ എന്നിവരുടെ നിസ്വാർത്ഥ ശ്രമങ്ങളും ശസ്ത്രക്രിയ വിജയകരമാക്കി. മരുന്നുകളോട് മികച്ച രീതിയിൽ പ്രതികരിക്കുന്ന രോഗി സുഖം പ്രാപിച്ചുവരുന്നു. ഈ നേട്ടത്തോടെ, വയനാട് മെഡിക്കൽ കോളേജും അത്യാധുനിക ആർത്രോസ്കോപ്പിക് സേവനങ്ങളുള്ള സംസ്ഥാനത്തെ നൂതന കേന്ദ്രങ്ങളുടെ പട്ടികയിലെത്തി.

ഏകാരോഗ്യത്തിന് എല്ലാ ജില്ലകളിലും കമ്മ്യൂണിറ്റി വോളണ്ടിയർമാർ

# ഏകാരോഗ്യം പരിപാടി എല്ലാ ജില്ലകളിലേക്കും

സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം വിശദമായ മാർഗരേഖ പുറത്തിറക്കി

**കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ പങ്കാളിത്തത്തോടെയുള്ള ഒരു സാമൂഹികാധിഷ്ഠിത നിരീക്ഷണ സംവിധാനം**




തിരുവനന്തപുരം: ഏകാരോഗ്യം (വൺ ഹെൽത്ത്) പരിപാടിയുടെ ഭാഗമായി സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണത്തിന് (Community Based Surveillance: സി.ബി.എസ്) തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിശദമായ മാർഗരേഖ പുറത്തിറക്കി. തദ്ദേശ തലത്തിൽ നടപ്പിലാക്കുന്ന സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനം അതാത് തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 4 ജില്ലകളിലെ 266 തദ്ദേശ സ്ഥാപനങ്ങളിൽ 251 എണ്ണം സി.ബി.എസ് സംവിധാനം നടപ്പിലാക്കുന്നതിന് ഗവേണിങ് കൗൺസിൽ തീരുമാനമെടുത്തതിന്റെ ഔദ്യോഗിക രേഖ ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം എന്നീ നാല് ജില്ലകളിൽ നടപ്പിലാക്കിയ ഏകാരോഗ്യം പരിപാടി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും.

മനുഷ്യരും സസ്യ, ജന്തുജാലങ്ങളും അവയുൾപ്പെടുന്ന പരിസ്ഥിതിയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവയെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനുള്ള പരിപാടിയാണ് വൺ ഹെൽത്ത്. ഏകാരോഗ്യം പരിപാടിയുടെ ഒരു പ്രധാന ഘടകമാണ് സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണം. പ്രദേശവാസികളുടെ പങ്കാളിത്തത്തോടെ പകർച്ചവ്യാധികൾ എത്രയും നേരത്തെ കണ്ടെത്തി അവ തടയുകലയും പ്രത്യാഘാതങ്ങൾ കുറയ്ക്കുകയും ചെയ്യുന്നതിനുള്ള സംവിധാനമാണിത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച ഒ സംവിധാനമായാണ് സി.ബി.എസ് വിഭാവനം ചെയ്തിരിക്കുന്നത്. സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനം വിജയപ്രദമാക്കുന്നതിന് വൻതോതിലുള്ള ജനപങ്കാളിത്തം ആവശ്യമാണ്. ഇതിന്റെ ഭാഗമായി മനുഷ്യർ, പക്ഷിമൃഗാദികൾ, പരിസ്ഥിതി എന്നിവയുടെ ആരോഗ്യത്തെ ബാധിക്കാവുന്ന അസ്വാഭാവിക സംഭവങ്ങൾ നിരന്തര നിരീക്ഷണത്തിലൂടെ കണ്ടെത്തി, അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി പ്രാപ്തരാക്കും. ഇത് രോഗ പകർച്ച തടയുന്നതിനുള്ള അവശ്യ നടപടികൾ സ്വീകരിക്കുന്നതിനായി സംവിധാനങ്ങളെ സജ്ജമാക്കുന്നതിന് സഹായിക്കും.

ആദ്യഘട്ടത്തിൽ ഏകാരോഗ്യം നടപ്പിലാക്കിയ 4 ജില്ലകളിൽ വാർഡ് /ഡിവിഷൻ അടിസ്ഥാനത്തിൽ പ്രദേശവാസികളിൽ നിന്നും 7 കമ്മ്യൂണിറ്റി മെന്റർമാരെയും 49 കമ്മ്യൂണിറ്റി വോളണ്ടിയർമാരെയും വീതം തെരഞ്ഞെടുത്ത് പ്രാഥമികതല പരിശീലനം നൽകി വിന്യസിച്ചിട്ടുണ്ട്. ബാക്കി ജില്ലകളിലേക്ക് വ്യാപിപ്പിക്കുമ്പോൾ ഒരോ വാർഡ്/ഡിവിഷനിൽ 10 മുതൽ 15 വരെ കമ്മ്യൂണിറ്റി വോളന്റിയർമാർ ഉണ്ടാകേണ്ടതാണ്. മാർഗനിർദ്ദേശങ്ങൾ അടങ്ങിയ ടൂൾകിറ്റിന്റെ സഹായത്തോടെയായിരിക്കും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്. എല്ലാ തദ്ദേശ സ്ഥാപനങ്ങളും മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

ചരിത്ര മുന്നേറ്റം

# ആരോഗ്യ രംഗത്തെ മാതൃസ്ഥാപനം പ്ലാറ്റിനം ജൂബിലിയിൽ

തിരുവനന്തപുരം മെഡിക്കൽ കോളേജ് 75ന്റെ നിറവിൽ

തിരുവനന്തപുരം: സംസ്ഥാനത്തെ ആദ്യത്തെ മെഡിക്കൽ കോളേജായ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് നവംബർ 27ന് എഴുപത്തിയഞ്ചാം വർഷത്തിലേക്ക് കടന്നു. 1951–ൽ സ്ഥാപിതമായ ഈ സ്ഥാപനം സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്തെ വളർച്ചയിലും കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിനും നിർണായക സംഭാവനകളാണ് നൽകിയിട്ടുള്ളത്. മെഡിക്കൽ കോളേജിൽ നിന്നും പഠിച്ച ഡോക്ടർമാർ ലോകത്തെമ്പാടും സേവനമനുഷ്ഠിക്കുന്നുണ്ട്. രാജ്യത്തെ മുൻനിര മെഡിക്കൽ വിദ്യാഭ്യാസ, ചികിത്സാ സ്ഥാപനങ്ങളിലൊന്നായി മെഡിക്കൽ കോളേജ് വളർന്നു. ഈ കാലഘട്ടത്തിൽ മെഡിക്കൽ കോളേജിലെ എമർജൻസി വിഭാഗം സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തി. എസ്.എ.ടി. ആശുപത്രി രാജ്യത്തെ 10 ആശുപത്രികളിലൊന്നായി അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് പട്ടികയിലും ഉൾപ്പെട്ടു. മെഡിക്കൽ കോളേജും ദന്തൽ കോളേജും ആദ്യമായി ദേശീയ റാങ്കിംഗിൽ ഉൾപ്പെട്ടു.




125 ഏക്കറോളം വ്യാപിച്ച് കിടക്കുന്ന വിശാലമായ ക്യാമ്പസാണ് മെഡിക്കൽ കോളേജ്. സംസ്ഥാനത്തെ വിവിധ ജില്ലകൾക്ക് പുറമേ അതിർത്തിക്കടുത്തുള്ള തമിഴ്നാട്ടിലെ ജില്ലകൾക്കും പ്രധാന ആശ്രയമാണ് മെഡിക്കൽ കോളേജ്. പ്രതിദിനം 8,000ത്തോളം പേർ ഒപിയിലും 500 ഓളം പേർ ഐപിയിലുമായി മെഡിക്കൽ കോളേജ് ആശുപത്രിയിലും എസ്എടിയിലുമായി പുതുതായി ചികിത്സ തേടുന്നു. 250 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന എം.ബി.ബി.എസ് കോഴ്സിന് പുറമെ 24 സ്പെഷ്യാലിറ്റികളും, 16 സൂപ്പർ സ്പെഷ്യാലിറ്റികളും ഇവിടെ പ്രവർത്തിക്കുന്നു. ഗവേഷണ പ്രവർത്തനങ്ങളും നടക്കുന്നു.

നഴ്സിംഗ് കോളേജ്, ദന്തൽ കോളേജ്, ഫാർമസി കോളേജ്, പ്രിയദർശിനി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ, ചെസ്റ്റ് ഹോസ്പിറ്റൽ, റീജിയണൽ ലിംബ് ഫിറ്റിങ്ങ് സെന്റർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, പങ്ങപ്പാറ അർബൻ ഹെൽത്ത് യൂണിറ്റ്, വക്കം റൂറൽ ഹെൽത്ത് യൂണിറ്റ് എന്നിവ മെഡിക്കൽ കോളേജിനോടനുബന്ധിച്ച്പ്രവർത്തിക്കുന്നു. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട്, അച്യുതമേനോൻ റിസർച്ച് സെന്റർ, ആർസിസി തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങളും ഈ ക്യാമ്പസിലാണ്.

മെഡിക്കൽ കോളേജിൽ വലിയ വികസനമാണ് ഈ കാലഘട്ടത്തിൽ സാധ്യമാക്കിയത്. 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ, ജനറ്റിക്സ്, ഫീറ്റൽ മെഡിസിൻ, പീഡിയാട്രിക് ഗ്യാസ്ട്രോ, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിച്ചു.

കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. അപൂർവ ഹൃദയ ശസ്ത്രക്രിയകൾ നടത്തി. സ്ട്രോക്ക് സെന്ററും ഇന്റർവെൻഷനൽ ന്യൂറോളജിയും യാഥാർത്ഥ്യമാക്കി. ആദ്യമായി കാൻസർ രോഗികൾക്ക് നൂതന റേഡിയേഷൻ നൽകുന്ന ഉപകരണമായ ലിനാക് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. 100 ഐസിയു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിച്ചു. 7.3 കോടി രൂപ ചെലവിൽ സ്പെക്റ്റ് സ്കാൻ സ്ഥാപിച്ചു.

എസ്.എ.ടി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടു കൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു. എമർജൻസി മെഡിസിൻ മൂന്ന് പിജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു. പീഡിയാട്രിക് നെഫ്രോളജി ഡിഎം കോഴ്സ് ആരംഭിക്കുന്നതിന് രണ്ട് സീറ്റുകൾ അനുമതി ലഭ്യമാക്കി. പൾമനറി മെഡിസിനിൽ ഡിഎം കോഴ്സ് ആരംഭിക്കുന്നതിന് രണ്ട് സീറ്റുകൾ അനുമതി ലഭ്യമാക്കി.

ആദ്യമായി ഇന്റർവെൻഷണൽ പൾമണോളജി യൂണിറ്റ്, ഇന്റർവെൻഷണൽ റേഡിയോളജി യൂണിറ്റ്, ബേൺസ് ഐസിയു ഇ ബസ് സംവിധാനം, സ്കിൽ ലാബ്, മുലപ്പാൽ ബാങ്ക് എന്നിവ സ്ഥാപിച്ചു. എസ്.എം.എ. ക്ലിനിക് ആരംഭിച്ചു. നട്ടെല്ല് നിവർത്തുന്ന സ്കോളിയോസിസ് സർജറി ആരംഭിച്ചു. 2024 – 25 സാമ്പത്തിക വർഷം 125 കോടിയോളം രൂപയുടെ സൗജന്യ ചികിത്സയാണ് വിവിധ ആരോഗ്യ ക്ഷേമ പദ്ധതികൾ വഴി രോഗികൾക്ക് ലഭ്യമാക്കിയത്.

താലൂക്ക് ആശുപത്രിയിൽ

# കാൽമുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ വിജയകരം



മലപ്പുറം: കുറ്റിപ്പുറം ഗവ. താലൂക്ക് ആശുപത്രിയിലെ അസ്ഥിരോഗ വിഭാഗത്തിന്റെ നേതൃത്വത്തിൽ കാൽമുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി.

താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. അബ്ദുൾ ജബ്ബാർ കെ.ഇ യുടെയും അസ്ഥിരോഗ വിഭാഗം ഡോക്ടർ ബിജുവിന്റെയും നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയയിൽ ഡോ. ഉണ്ണികൃഷ്ണൻ (അസ്ഥിരോഗ വിഭാഗം), ഡോ. മുനീഷ് (അനസ്തീഷ്യ വിഭാഗം) എന്നിവർ പങ്കെടുത്തു. സർജറി വിജയകരമാക്കുന്നതിൽ സീനിയർ നഴ്സിംഗ് ഓഫീസർമാരായ അംബിക, റീന, നഴ്സിംഗ് ഓഫീസർമാരായ രേഖ, സൽവ, റേഡിയോഗ്രാഫർ നവാസ്, നഴ്സിംഗ് അസിസ്റ്റന്റ് വിശ്വനാഥൻ, അറ്റൻഡർ ഗ്രേഡ്–2 ബിന്ദു, പി. ആർ.ഒ സുരേഷ് എന്നിവർ പങ്കുവഹിച്ചു.

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം ചെലവിൽ നവീകരിച്ച ഓപ്പറേഷൻ തിയേറ്ററും 15 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ച അനസ്തീഷ്യ വർക്ക് സ്റ്റേഷൻ ഉം ഇതിന് പിന്തുണയായി.

ദന്താരോഗ്യം ഉറപ്പാക്കി

# ഡിജിറ്റൽ സെറാമിക് ലാബ്



കൊല്ലം: കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി ഡെന്റൽ വിഭാഗത്തിൽ നവീകരിച്ച ഡിജിറ്റൽ സെറാമിക് ലാബ് പ്രവർത്തനം ആരംഭിച്ചു. നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഡെന്റൽ യൂണിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ 43 ലക്ഷം രൂപ ചിലവാക്കി വാങ്ങിയ ഉപകരണങ്ങളാണ് ഡെന്റൽ സെറാമിക് യൂണിറ്റിനായി സജ്ജമാക്കിയിട്ടുള്ളത്. സംസ്ഥാനത്തു തന്നെ ആദ്യത്തെ ഡിജിറ്റൽ ഡെന്റൽ ലാബ് ആണ് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഇതോടെ യാഥാർത്ഥ്യമാകുന്നത്. ഡിജിറ്റൽ ഡെന്റൽ ലാബിന്റെ ഭാഗമായി സ്ഥിരമായിപല്ലുവെയ്ക്കുന്നതിനുള്ളസൗകര്യം ഇവിടെ ഉണ്ടാകും. എത്രയും വേഗത്തിലും, കൃത്യതയോടെ മറ്റ് തടസ്സങ്ങൾ കൂടാതെ ഒരേ സമയം ഒട്ടേറെപേർക്ക് പല്ലു വെയ്ക്കുന്നതിനുള്ള സൗകര്യമാണ് ഇതുവഴി സാധ്യമാകുന്നത്. പതിനായിരത്തോളം രൂപ സ്വകാര്യ ആശുപത്രികളിൽ ചെലവ് വരുന്ന ചികിത്സകളാണ് അതിന്റെ പകുതിയിലും താഴെ മാത്രം ചിലവിൽ പൊതുജനങ്ങൾക്കു ഇവിടെ സാധ്യമാകുന്നത്. ദിനംപ്രതി നൂറോളം പേർ ചികിത്സ തേടി എത്തുന്ന താലൂക്ക് ആശുപത്രിയിൽ പുതിയ ഡെന്റൽ ലാബ് വലിയൊരു ആശ്വാസമായി മാറുകയാണ്.

# കേരളത്തിന്റെ പ്രവർത്തനങ്ങൾ കണ്ടറിഞ്ഞ് കേന്ദ്രസംഘം



കാസർകോഡ് : കേരളത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനെത്തിയ കേന്ദ്രസംഘം കാസർഗോഡ് ജില്ലയിലെ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ചു. ഒത്തുകൂടിയവരോട് ഇങ്ങിനെ പറഞ്ഞത് ജില്ലയിൽ സന്ദർശനത്തിനെത്തിയ കേന്ദ്ര ശിശു ആരോഗ്യ വിഭാഗത്തിന്റെ ഡെപ്യൂട്ടി കമ്മീഷണറായ ഡോ: ശോഭനഗുപ്തയുടെ നേതൃത്വത്തിലാണ് കേന്ദ്രസംഘം എത്തിയത്. ഇതിന്റെ ഭാഗമായി പിലിക്കോട് വയലിലെ വീട്ടുകോലായയിൽ ആരോഗ്യ സംവാദം നടന്നു.

നവജാത ശിശുപരിചരണ ബോധവൽക്കരണ വാരാചരണത്തിന്റെയും ആന്റിമൈക്രോബിയൽ റസിസ്റ്റന്റ് ബോധവൽക്കരണ വാരാചരണത്തിന്റെയും, ജില്ലാതല ഉദ്ഘാടനത്തിന്റെയും ദേശീയ ബധിരത നിയന്ത്രണ പരിപാടിയുമായി ബന്ധപ്പെട്ട ബോധവൽക്കരണത്തിന്റെയും ഭാഗമായി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യ)വും ദേശീയാരോഗ്യ ദൗത്യവും ഓലാട്ട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പിലിക്കോട് സംഘടിപ്പിച്ച 'കോലായക്കൂട്ട'മാണ് ജനപങ്കാളിത്തം കൊണ്ടും സജീവമായ ആരോഗ്യസംവാദത്താലും സമ്പന്നമായത്.

കോലായക്കൂട്ടത്തിൽ അതിഥികളായെത്തിയ കേന്ദ്രസംഘത്തിലെ പ്രതിനിധികൾക്ക് മുന്നിൽ വിവിധ ആരോഗ്യവിഷയങ്ങളിലെ സംശയങ്ങളും ഉത്തരങ്ങളും ചർച്ചകളും ഒക്കെയായി സജീവമായി ജനക്കൂട്ടം. നാടിന്റെ ആരോഗ്യ സുസ്ഥിതി ഉറപ്പാക്കുന്നതിൽ എങ്ങിനെയാണ് ജനകീയ ഇടപെടലിലൂടെ സാധിക്കുന്നതെന്നതിന്റെ ഉത്തമ ഉദാഹരണമായി മാറി കോലായക്കൂട്ടം. ബോധവൽക്കരണത്തിനായി തയ്യാറാക്കിയ സ്കിറ്റ്, ഒപ്പന, നൃത്തങ്ങൾ പാട്ടുകൾ ഇവയെല്ലാം കോലായക്കൂട്ടത്തെ കൂടുതൽ ആകർഷകമാക്കി.

ജനങ്ങൾക്ക് ലഭ്യമാകുന്ന ആരോഗ്യ സേവനങ്ങളുടെ നിലവാരം വിലയിരുത്തുകയും, ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ആവശ്യമായ ഇടപെടലുകൾ നിർദ്ദേശിക്കുകയും ചെയ്യുന്നതാണ് കോമൺ റിവ്യൂ മിഷന്റെ പ്രധാന ലക്ഷ്യം. ആരോഗ്യ സംവിധാനത്തിലെ വിവിധ ഘടകങ്ങൾ മനുഷ്യവിഭവശേഷി, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പദ്ധതികളുടെ നടപ്പാക്കൽ, സേവനങ്ങളുടെ ലഭ്യതയും ഗുണമേന്മയും എന്നിവ സമഗ്രമായി പരിശോധിച്ച്, പാരമ്പർക്കിടയിലെ ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് സി.ആർ.എം–ന്റെ ലക്ഷ്യം. രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മാതൃ–ശിശു ആരോഗ്യ പരിപാലനം, പൊതുജനാരോഗ്യ പരിപാടികൾ എന്നിവയുടെ കാര്യക്ഷമത കൂടി വിശകലനം ചെയ്യപ്പെടുന്നു. ഇതിലൂടെ ആരോഗ്യ മേഖലയിൽ പ്രകടമാകുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ്, ഭാവി ആരോഗ്യ ഇടപെടലുകൾ കൂടുതൽ ഫലപ്രദമായി രൂപപ്പെടുത്തുന്നതിനും, 'ആരോഗ്യം എല്ലാവർക്കും' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഇത് സഹായിക്കുന്നു.

കേന്ദ്ര ആരോഗ്യമന്ത്രാലയ പ്രതിനിധി ഡോ. സി.എസ് അഗർവാൾ, മിസ് ഖുശ്ബു ആഞ്ജനേയ, ഡോ. എസ് കെ റസാനിയ, ഡോ പി പി പ്രദീപ് കുമാർ, കൃഷ്ണകുമാരി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.വി രാംദാസ്, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അരുൺ പി.വി, ജില്ലാതല പ്രോഗ്രാം ഓഫീസർമാർ എന്നിവർ പങ്കെടുത്തു

# ആരോഗ്യ മന്ത്രാലയത്തിന്റെ കേന്ദ്രസംഘം കോട്ടയത്തും



> പതിനേഴാമത് കോമൺ റിവ്യൂ മിഷൻ (CRM) ന്റെ ഭാഗമായാണ് നവംബർ 17 മുതൽ 20 വരെ സംഘം ജില്ലയിലെത്തിയത്

കോട്ടയം: ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നത് വിലയിരുത്തുന്നതിനായി കേന്ദ്ര സംഘം ജില്ല സന്ദർശിച്ചു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പതിനേഴാമത് കോമൺ റിവ്യൂ മിഷൻ (CRM) ന്റെ ഭാഗമായാണ് നവംബർ 17 മുതൽ 20 വരെ സംഘം ജില്ലയിലെത്തിയത്. ഇതിന്റെ ഭാഗമായി ജനറൽ ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സബ്സെന്ററുകൾ, ആയുഷ് സെന്ററുകൾ, അങ്കണവാടി തുടങ്ങിയവ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും ഡോ. അപർണ, ഡോ. സുദീപ്ത ബാസു, ആകാശ് ത്യാഗി (ഫിനാൻസ്), പ്രൊഫ. ഹർഷദ് താക്കൂർ, ഡോ. അസ്ത വാല (സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ), ഡോ. നിഖിൽ, പോപ്പുലേഷൻ റിസർച്ച് സെന്റർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെ എല്ലാ ആശുപത്രികളിലും മികച്ച അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെന്നും, ഇ–ഹെൽത്ത്, പ്രൈമറി പാലിയേറ്റീവ് കെയർ, പാലിയേറ്റീവ് ഗ്രിഡ്, നിർണയ ലാബ് നെറ്റ് വർക്ക് എന്നീ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും സംഘം അഭിപ്രായപ്പെട്ടു.

ജനറൽ ആശുപത്രി കോട്ടയം, പാലാ അർബൻ ഹെൽത്ത് സെന്റർ പെരുന്ന, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളായ വെളിയന്നൂർ, കുറുപ്പന്തറ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സചിവോത്തമപുരം, ജനകീയ ആരോഗ്യകേന്ദ്രങ്ങളായ അമര, ഓമല്ലൂർ, പുതുവേലി തുടങ്ങിയ സ്ഥാപനങ്ങൾക്കൊപ്പം അംഗൻവാടിയും ആയുഷ് ആശുപത്രി യിലും സംഘം സന്ദർശനം നടത്തി പ്രവർത്തങ്ങൾ നേരിൽ കണ്ടു വിലയിരുത്തി.

**പതിമൂന്നാമതും ഹൃദയം തുറക്കാതെ**

# അയോർട്ടിക് വാൽവ് മാറ്റിവച്ച് കോഴിക്കോട് മെഡിക്കൽ കോളേജ്




തിരുവനന്തപുരം: ഹൃദയം തുറക്കാതെയുള്ള അയോർട്ടിക് വാൽവ് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ (TAVR) കോഴിക്കോട് മെഡിക്കൽ കോളേജിൽ വിജയകരമായി പൂർത്തിയാക്കി. പതിമൂന്നാമത്തെ തവണയാണ് ഇത്തരത്തിൽ ചികിത്സ മെഡിക്കൽ കോളേജിൽ നടക്കുന്നത്.

69 വയസുള്ള കാസർഗോഡ് സ്വദേശിയ്ക്കാണ് TAVR ചികിത്സ നടത്തിയത്. പാർക്കിൻസൺ രോഗബാധിതനായ ഇദ്ദേഹത്തിന് മുൻപ് ബൈപാസ് ശസ്ത്രക്രിയ നടത്തിയിരുന്നു. അയോട്ടിക് വാൽവിന് ഗുരുതരമായി ചുരുക്കം സംഭവിച്ചതിനെ തുടർന്നാണ് മെഡിക്കൽ കോളേജിൽ ചികിത്സ തേടിയത്. തുടർന്നാണ് ഹൃദയം തുറക്കാതെയുള്ള അയോട്ടിക് വാൽവ് റീപ്ലേസ്മെന്റ് (TAVR) നടത്തിയത്. കാലിലെ രക്തകുഴലിലൂടെ 35 mm Myval എന്ന വാൽവ് ഉപയോഗിച്ചാണ് അയോട്ടിക് വാൽവ് മാറ്റിവെച്ചത്.

പ്രിൻസിപ്പൽ ഡോ. സജിത്ത് കുമാർ, സൂപ്രണ്ട് ഡോ. ശ്രീജയൻ, എന്നിവരുടെ മാർഗനിർദേശപ്രകാരം കാർഡിയോളജി വിഭാഗം മേധാവി ഡോ. രാജേഷ് ജി, കാർഡിയോതൊറാസിക് വിഭാഗം മേധാവി ഡോ. രാജേഷ് എസ്, ഡോ. കാദർ മുനീർ, ഡോ. കൃഷ്ണകുമാർ ഡോ. ഡോളി മാത്യു, ഡോ. സജീർ കെടി, ഡോ. സൂര്യകാന്ത്, ഡോ. രാധ കെ.ആർ എന്നിവരുടെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടത്തിയത്.


## എന്താണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ?

ആന്റിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗം മൂലം ബാക്ടീരിയകൾ ശക്തിപ്രാപിച്ച് സൂപ്പർബഗ്ഗുകൾ ആയി മാറുകയും അവയ്ക്കെതിരെ ചികിത്സ ഫലിക്കാതാവുകയും ചെയ്യും.

ആന്റിബയോട്ടിക് ഫലിക്കാതായാൽ കാൻസർ, ക്ഷയരോഗം, ന്യൂമോണിയ എന്നീ ഗുരുതര രോഗങ്ങളുടെ ചികിത്സ മാത്രമല്ല,

**ചെറിയ മുറിവിൽ നിന്നുള്ള അണുബാധ പോലും ഗുരുതരമായേക്കാം. ശസ്ത്രക്രിയകൾ അസാധ്യമാകും, പ്രസവചികിത്സകൾ ദുഷ്കരമാകും.**

**ആന്റിബയോട്ടിക് മരുന്നുകൾ അമൂല്യമാണ് അവയുടെ ഉപയോഗം അതീവശ്രദ്ധയോടെയാകണം.**

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ വ്രതകാലത്ത് നിർത്തരുത്

# പൂർണ്ണ ആരോഗ്യത്തോടെ ശരണയാത്ര



പത്തനംതിട്ട: മറ്റൊരു മണ്ഡല കാലത്തിന് തുടക്കമായി. ശബരിമലയിലേക്കുള്ള എല്ലാ പ്രധാന പാതകളിലും ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാണ്. ആരോഗ്യ വകുപ്പിലേയും മെഡിക്കൽ കോളേജുകളിലേയും ഡോക്ടർമാരെ കൂടാതെ വിദഗ്ധ സന്നദ്ധ ആരോഗ്യ പ്രവർത്തകരുടേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. പമ്പയിലെ കൺട്രോൾ സെന്റർ 24 മണിക്കൂറും പ്രവർത്തിക്കും. മലകയറുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നെങ്കിൽ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടണം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട തുടങ്ങി വിവിധ ഭാഷകളിൽ അവബോധം ശക്തമാക്കിയിട്ടുണ്ട്. എന്തെങ്കിലും ബുദ്ധിമുട്ടുള്ളവർ ചികിത്സ തേടേണ്ടതാണെന്നും ആരോഗ്യ വകുപ്പ് അറിയിച്ചു.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് വിപുലമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ സഹകരണത്തോടെ പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയിൽ എമർജൻസി മെഡിക്കൽ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജ് ബേസ് ആശുപത്രിയായി പ്രവർത്തിക്കുന്നു. ഒപ്പം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അടിയന്തര കാർഡിയോളജി ചികിത്സയും കാത്ത് ലാബ് ചികിത്സയും ലഭ്യമാക്കിയിട്ടുണ്ട്. ഹൃദയസംബന്ധമായ പ്രശ്നങ്ങൾക്ക് ഉടനടി ചികിത്സ ലഭ്യമാക്കാനായുള്ള സംവിധാനമുൾപ്പെടെയുള്ള കനിവ് 108 ആംബുലൻസ് സേവനങ്ങൾ ലഭ്യമാക്കി. കൂടാതെ സന്നിധാനത്ത് നിന്നും പമ്പയിലേക്ക് പ്രത്യേക ആംബുലൻസ് സേവനവും ലഭ്യമാക്കി.

എല്ലാ ആശുപത്രികളിലും ഡിഫിബ്രിലേറ്റർ, വെന്റിലേറ്റർ, കാർഡിയാക് മോണിറ്റർ എന്നിവയുണ്ടാകും. നിലയ്ക്കലും പമ്പയിലും പൂർണ സജ്ജമായ ലാബ് സൗകര്യം ഉറപ്പാക്കി. പമ്പയിലും സന്നിധാനത്തും ഓപ്പറേഷൻ തീയറ്ററുകൾ പ്രവർത്തിക്കും. പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തിൽ താത്കാലിക ഡിസ്‌പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. അടൂർ, വടശേരിക്കര, പത്തനംതിട്ട എന്നിവിടങ്ങളിൽ ഒരു മെഡിക്കൽ സ്റ്റോറെങ്കിലും 24 മണിക്കൂറും പ്രവർത്തിക്കും.

ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഭക്ഷ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

### ശബരിമല തീർത്ഥാടന വേളയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- നിലവിൽ വിവിധ രോഗങ്ങൾക്കായി ചികിത്സയിലിരിക്കുന്നവർ ദർശനത്തിനായി എത്തുമ്പോൾ ചികിത്സാരേഖകളും കഴിക്കുന്ന മരുന്നുകളും കൈവശം കരുതേണ്ടതാണ്.
- സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ വ്രതകാലത്ത് നിർത്തരുത്.
- മുങ്ങിക്കുളിക്കുന്നവർ മൂക്കിൽ വെള്ളം കയറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
- മല കയറുമ്പോൾ ഉണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ദർശനത്തിന് എത്തുന്നതിന് ദിവസങ്ങൾക്ക് മുൻപേ നടത്തം ഉൾപ്പെടെയുള്ള ലഘു വ്യായാമങ്ങൾ ചെയ്ത് തുടങ്ങേണ്ടതാണ്.
- സാവധാനം മലകയറുക. ഇടയ്ക്കിടയ്ക്ക് വിശ്രമിക്കുക
- മല കയറുന്നതിനിടയിൽ ക്ഷീണം, തളർച്ച, നെഞ്ചുവേദന, ശ്വാസതടസം എന്നിവ ഉണ്ടായാൽ മല കയറുന്നത് നിർത്തി എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക
- 04735 203232 എന്ന നമ്പറിൽ അടിയന്തിര സഹായത്തിനായി വിളിക്കാവുന്നതാണ്.
- തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.
- ഭക്ഷണം കഴിക്കുന്നതിന് മുൻപ് കൈകൾ സോപ്പുപയോഗിച്ച് കഴുകുക.
- പഴങ്ങൾ നന്നായി കഴുകിയതിന് ശേഷം മാത്രം കഴിക്കുക.
- പഴകിയതോ തുറന്നുവച്ചതോ ആയ ആഹാരം കഴിക്കരുത്.
- മലമൂത്രവിസർജ്ജനം തുറസായ സ്ഥലങ്ങളിൽ നടത്തരുത്. ശൗചാലയങ്ങൾ ഉപയോഗിക്കുക. ശേഷം കൈകൾ സോപ്പുപയോഗിച്ച് കഴുകുക.
- മാലിന്യങ്ങൾ വലിച്ചെറിയരുത്. അവ വേസ്റ്റ് ബിന്നിൽ മാത്രം നിക്ഷേപിക്കുക
- പാമ്പുകടിയേറ്റാൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടുക. പാമ്പ് വിഷത്തിനെതിരെയുള്ള മരുന്ന് ആശുപത്രികളിൽ ലഭ്യമാണ്.

പകർച്ചപ്പനി

# ബോധവത്ക്കരണം കലാലയങ്ങളിലേക്ക്



ഇടുക്കി: ജില്ലാ മെഡിക്കൽ ഓഫീസ് ആരോഗ്യം ആരോഗ്യകേരളം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണം ബോധ വത്ക്കരണത്തിന്റെ ഭാഗമായി 7,8,9 ക്ലാസ്സുകളിലെ കുട്ടികൾക്കായി ജില്ലാതല ക്വിസ്സ് മത്സരം സംഘടിപ്പിച്ചു. സമ്പൂർണ്ണ ശാരീരിക മാനസീക സാമൂഹിക സ്വസ്ഥിതി അഥവാ ആരോഗ്യം കൈവരിക്കണമെങ്കിൽ ജീവജാലങ്ങളുടേയും പ്രകൃതിയുടേയും ആരോഗ്യം സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും പകർച്ചവ്യാധി ബോധവത്ക്കരണം കുട്ടികളിൽ വർദ്ധിപ്പിക്കണമെന്നുമുള്ള ലക്ഷ്യത്തോടു കൂടിയാണ് പരിപാടി സംഘടിപ്പിച്ചത്. ഇടുക്കി ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നായി എത്തിയ 7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഈ പരിപാടിയിൽ 54 വിദ്യാർത്ഥികൾ പങ്കെടുത്തു. പുളിയൻമല കാർമൽ പബ്ലിക് സ്കൂളിൽ നിന്നുള്ള ജോഹാൻ ബിജു, ജെയ്സൺ ജോൺ എന്നിവർ ഒന്നാം സ്ഥാനവും, ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നുള്ള സന ഫാത്തിമ, ഹൃദ്യ ബിനു എന്നിവർ രണ്ടാം സ്ഥാനവും, ജവഹർ നവോദയ വിദ്യാലയത്തിൽ നിന്നുള്ള ആൽവിൻ സിജു, ഹരിനന്ദ് സിന്ധുകുമാർ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മത്സരവിജയികൾക്ക് യഥാക്രമം 5000, 3000, 2000 രൂപ ക്യാഷ് അവാർഡും, മൊമെന്റോയും സർട്ടിഫിക്കറ്റും സമ്മാനമായി ലഭിക്കും. ആരോഗ്യവകുപ്പിലെയും ആരോഗ്യകേരളത്തിലെയും ജീവനക്കാർ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഇതോടൊപ്പം കലാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ പോസ്റ്റർ രചനാ മത്സരവും സംഘടിപ്പിച്ചു.

# മഞ്ഞപ്പിത്ത പ്രതിരോധം ശക്തമാക്കി തെളിച്ചം

കണ്ണൂർ: മഞ്ഞപ്പിത്തത്തിനെതിരെ ശക്തമായ രോഗപ്രതിരോധം തീർത്ത് കണ്ണൂർ. പ്രശസ്ത മജീഷ്യൻ രാജീവ് മേമുണ്ടയുടെ രസകരമായ മാജിക് ഷോയിലൂടെ കുട്ടികൾ ആരവത്തോടെ മഞ്ഞപ്പിത്ത രോഗബാധയുടെ പ്രതിരോധ സന്ദേശങ്ങൾ ഏറ്റുവാങ്ങി. മഞ്ഞപ്പിത്ത ബോധവൽക്കരണത്തിന് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ തെളിച്ചം പരിപാടിയുടെ ഭാഗമായി മാജിക് ഷോയും നാടൻപാട്ട് സംഗീതവും അരങ്ങേറി. മഞ്ഞപ്പിത്ത രോഗബാധയ്ക്കെതിരെയുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിന്റെയും ദേശീയ ആരോഗ്യദൗത്യം കണ്ണൂരിന്റെയും ആഭിമുഖ്യത്തിൽ പാനൂർ, എഴോം ഹെൽത്ത് ബ്ലോക്കുകളിലെ നാല് വിദ്യാലയങ്ങളിലായാണ് കലാപരിപാടികൾ സംഘടിപ്പിച്ചത്. മഞ്ഞപ്പിത്ത കേസുകൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് ഈ ഹെൽത്ത് ബ്ലോക്കുകളിലെ സ്കൂളുകൾ തന്നെ തിരഞ്ഞെടുത്തത്. കുന്നോത്ത്പറമ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹകരണത്തോടെ ടി പി ജി മെമ്മോറിയൽ യുപി സ്കൂളിലാണ് ആദ്യത്തെ പരിപാടി നടന്നത്. മജീഷ്യൻ രാജീവ് മേമുണ്ടയുടെ മാജിക് ഷോയെ തുടർന്ന് സംഘത്തിലെ കലാകാരികളുടെ നേതൃത്വത്തിൽ നാടൻ പാട്ടുകളും അവതരിപ്പിച്ചു. 600 ഓളം കുട്ടികൾ പരിപാടിയിൽ പങ്കാളികളാവുകയും സംഘത്തോടൊപ്പം ആടുകയും പാടുകയും ചെയ്തു. മഞ്ഞപ്പിത്ത രോഗബാധയ്ക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ തങ്ങൾക്കാവുന്ന വിധത്തിൽ സമൂഹത്തിൽ ഇടപെടാനായി ഒരു തലമുറയെ പ്രാപ്തമാക്കുന്നതായിരുന്നു ബോധവൽക്കരണ പരിപാടി. സ്കൂളിലെ പ്രധാനാധ്യാപിക ബിന്ദു ടീച്ചർ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.



കുന്നോത്ത്പറമ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർമാരായ മഞ്ജിത്ത്, അമയ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു. തുടർന്ന് പാനൂർ യുപി സ്കൂളിലെ പ്രോഗ്രാം സ്കൂൾ അധ്യാപകൻ രൂപേഷ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. 300ഓളം കുട്ടികൾ സജീവമായി പ്രോഗ്രാമിൽ പങ്കെടുത്തു. പാനൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്‌പെക്ടർ സജിത് കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ ജിതേഷ് എന്നിവർ ക്ലാസ് എടുത്തു.

ശബരിമലയിലേക്കുള്ള കുഞ്ഞിന്റെ ചുവടുകൾ

# പ്രതീക്ഷയുടെ വിജയയാത്ര



**എന്റെ പേര് അഞ്ജുനിഷാന്ത്.**

എന്റെ മകൾ തന്മയയെ പ്രസവിച്ചത് ഏഴാം മാസം ആയിരുന്നു. അത് ഞങ്ങൾക്കൊരു വലിയ ആശങ്കയും ഭയവും നിറഞ്ഞ കാലം ആയിരുന്നു. ജനനസമയത്ത് ഓക്സിജൻ കുറവുണ്ടായതിനാൽ അവൾ രണ്ടര മാസം മെഡിക്കൽ കോളജിലെ തീവ്രപരിചരണത്തിൽ ആയിരുന്നു. ഓരോ നിമിഷവും പ്രതീക്ഷ പിടിച്ചു നില്‍ക്കേണ്ട ദിവസങ്ങൾ.

സമയം കഴിയുംതോറും, ആദ്യം അവളുടെ വളർച്ചയിൽ വലിയ തടസ്സങ്ങളൊന്നും കാണാനായില്ല. കഴുത്ത് ഉറക്കുന്നതും കമിഴ്ന്നു വീഴുന്നതുമെല്ലാം ശരിയായ സമയത്ത് തന്നെ ഉണ്ടായി. പക്ഷെ ഇരിക്കേണ്ട സമയത്ത്, അവൾ ഒറ്റക്ക് ഇരിക്കാത്തത് ഞങ്ങളെ ആകുലതയായി. അതോടെയാണ് ഞങ്ങൾ വീണ്ടും മെഡിക്കൽ കോളേജിൽ കാണിച്ചത്. പരിശോധനയ്ക്ക് ശേഷം മെഡിക്കൽ കോളേജിലുള്ള റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററിലേക്ക് റെഫർ ചെയ്തു. അവിടെ കണ്ടതിനു ശേഷം ഫിസിയോതെറാപ്പി നിർദേശിച്ചു. തുടർച്ചയായ ചികിത്സ തുടർന്നതോടെ, അവൾക്ക് സ്വതന്ത്രമായി ഇരിക്കുക സാധിച്ചു.

പിന്നീട് അവൾക്ക് നടക്കാൻ പ്രയാസമുള്ളതായി ഞങ്ങൾക്ക് മനസിലായി. അതാണ് ഞങ്ങളെ വീണ്ടും ഒരു പുതിയ വഴിയിലേക്ക് കൊണ്ടുപോയത്. എന്റെ അമ്മ ബീച്ച് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നയാളാണ്. അവരുടെ നിർദേശപ്രകാരം ഞങ്ങൾ ബീച്ച് ആശുപത്രിയിലുള്ള ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററിൽ (DEIC)എത്തി. അവർ മകളുടെ അവസ്ഥ വിലയിരുത്തി തുടർ ചികിത്സയ്ക്ക് ഞങ്ങളുടെ വീടിന് അടുത്ത് തന്നെയുള്ള തലക്കുളത്തൂർ ഹെൽത്ത്സെന്ററിലെ അനുയാത്ര മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് 1– ലേക്കും റെഫർ ചെയ്തു.

അവിടുന്നുള്ള ടീം ഞങ്ങളെ അതീവ സഹകരണത്തോടെയും കരുതലോടെയും സ്വീകരിച്ചു. ഞങ്ങൾ ആദ്യമായി അവിടെ എത്തിയപ്പോൾ മകൾക്ക് നടക്കാൻ ഒട്ടും സാധിക്കില്ലായിരുന്നു. അതിന് ശേഷം തുടർച്ചയായ ആഴ്ചകളിൽ ഫിസിയോ തെറാപ്പിയെ തുടർന്ന് ഒരു വർഷത്തിന് ശേഷം ഇന്ന് എന്റെ മോൾ ഒറ്റയ്ക്ക് നടക്കാൻ ആരംഭിച്ചു. ആ ദിവസത്തിൽ നിന്ന് ഇന്നുവരെയുള്ള ഓരോ പുരോഗതിയുടെയും പിന്നിൽ അവിടുത്തെ ടീമിന്റെ ശുശ്രൂഷയും പ്രോത്സാഹനവുമാണ്.

**ഈ മാറ്റം ഞങ്ങളുടെ കുടുംബത്തിനു ഒരു അത്ഭുതമാണ്.**

ഞങ്ങൾക്ക് ഏറെ നാളായി ഉള്ള ഒരു സ്വപ്നമുണ്ടായിരുന്നു. *മോളെ ശബരിമലയിലേക്ക് കൊണ്ടുപോകുക.* ആ സ്വപ്നം ഇനി സാക്ഷാത്കാരത്തിലേക്ക്. അടുത്ത മാസം അവൾ ശബരിമല യാത്രക്കു ഒരുങ്ങുകയാണ്.

ഈ വിജയത്തിന്റെ ഓരോ ചുവടിനും പിന്നിൽ പ്രവർത്തിച്ച ഡി.ഇ.ഐ.സി ടീമിനും അനുയാത്ര മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റിനുമുള്ള നന്ദി വാക്കുകളിൽ പറഞ്ഞാലൊന്നും തീരില്ല. അവരുടെ കൈത്താങ്ങും മനസ്സോടെയുള്ള ഇടപെടലുമാണ് ഇന്ന് ഞങ്ങളെ ഈ സന്തോഷത്തിലേക്ക് കൊണ്ട് വന്നത്.

# കുഞ്ഞ് പുഞ്ചിരികൾ സമ്മാനിച്ച് തൃശൂർ മെഡിക്കൽ കോളേജ്



തൃശൂർ: ശിശുരോഗവിഭാഗത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ആരോഗ്യകേരളം ഗവ.മെഡിക്കൽ കോളേജ് ശിശുരോഗവിഭാഗം, നവജാത ശിശുരോഗ വിഭാഗം എന്നിവരുടെ നേതൃത്വത്തിൽ ദേശീയ നവജാത ശിശു വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം സംഘടിപ്പിച്ചു. തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിലെ പീഡിയാട്രിക് ലക്ച്ചർ ഹാളിൽ നടന്ന യോഗം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ടി.പി ശ്രീദേവി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രോഗ്രാം മാനേജർ ഡോ.സജീവ് കുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ ആർ.സി.എച്ച്. ഓഫീസർ ഡോ. ഷീജ എൻ.എ വിഷയാവതരണം നടത്തി. തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജജ് ഡോ. സനൽ കുമാർ വിശിഷ്ടാതിഥിയായി. ന്യൂ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ.രാധിക, ശിശുരോഗ വിഭാഗം വകുപ്പ് മേധാവി ഡോ.അജിത്ത് കുമാർ, സ്ത്രീ രോഗ വിഭാഗം വകുപ്പ് മേധാവി ഡോ. പ്രിയ, ശിശുരോഗവിഭാഗം പ്രൊഫസർ ഡോ. ആനന്ദ കേശവൻ, അസോസിയേറ്റ് പ്രൊഫസറും നവജാത ശിശുരോഗവിഭാഗം വകുപ്പ് മേധാവിയുമായ ഡോ. ഫെബി ഫ്രാൻസിസ്, ഡി.എൻ.ഒ. ഷീജ, എം.സി.എച്ച്. ഓഫീസർ റൂബി, ജില്ലാ എഡ്യുക്കേഷൻ & മീഡിയ ഓഫീസർ ശ്രീജ, ആർ.എം.ഒ ഡോ. ഷിബി എന്നിവർ പങ്കെടുത്ത പരിപാടിയുടെ ഭാഗമായി വിവിധ പരിപാടികൾ നടന്നു.

എസ്.എൻ.സി.യുവിൽ നിന്ന് സംരക്ഷണം ലഭിച്ച 15 ട്വിൻസ് കുഞ്ഞുങ്ങളുടെയും ട്രിപ്ലെറ്റ്സ് കുഞ്ഞുങ്ങളുടെയും മാതാപിതാക്കളെ നവജാത ശിശുസംരക്ഷണത്തിന് അവരെടുത്ത പരിശ്രമങ്ങൾക്ക് ആദരം നൽകി. ഒപ്പം എസ്.എൻ.സി.യു.വിൽ നിന്ന് ഡിസ്ചാർജ്ജ് ആയ കുഞ്ഞുങ്ങളുടെ ഹാഫ് ബർത്ത്ഡേ ആഘോഷം, മാതാപിതാക്കളുടെ അനുഭവം പങ്കുവെക്കൽ, നവജാത ശിശുസംരക്ഷണത്തെ സംബന്ധിച്ച ബോധവത്ക്കരണ വീഡിയോ റിലീസ്, ബോധവത്ക്കരണ ക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു. വാരാഘോഷത്തിന്റെ ഭാഗമായി റേഡിയോ എഫ്.എം വഴി ബോധവത്ക്കരണ ജിംഗിൾ, ജെ.പി.എച്ച്.എൻമാർ/എം.എൽ.എസ്.പി./ആർ.ബി.എസ്.കെ നഴ്സ്/ശലഭം നഴ്സ് എന്നിവർക്ക് ഓൺലൈൻ ബോധവത്ക്കരണ ക്ലാസ്സും ആരോഗ്യസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഗുണഭോക്താക്കൾക്ക് ക്ലാസ്സുകളും ബോധവത്ക്കരണ റീൽ പ്രദർശനം എന്നിവ സംഘടിപ്പിച്ചു. 115 മാതാപിതാക്കളും കുഞ്ഞുങ്ങളും പങ്കെടുത്ത ജില്ലാതല പരിപാടി ഏറെ ഹൃദ്യമായ അനുഭവമായി ഒപ്പം ട്രിപ്ലെറ്റ്സ് ജന്മദിനത്തിന്റെ ഭാഗമായി കേക്ക് മുറിച്ച് മധുരം പങ്കിട്ട് സമാപിച്ചു.

പൊതുജനാരോഗ്യത്തിന് ഊർജമായി നിർണയ

# തപാൽ വകുപ്പുമായി ചേർന്ന് ആരോഗ്യ കേന്ദ്രങ്ങൾ



നിർണയ മുഖേന ആദ്യ സാമ്പിൾ ട്രാൻസ്പോർട്ടേഷൻ നടന്ന UHWC പുറ്റെക്കാടിൽ നിന്നുള്ള ചിത്രം

കോഴിക്കോട് : ജില്ലയിലെ മുഴുവൻ നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും നിർണയ മുഖേന സാമ്പിളുകൾ പരിശോധനയ്ക്ക് അയക്കുകയും ഫലം ലഭ്യമാക്കുകയും ചെയ്തു കഴിഞ്ഞു. കോഴിക്കോട് ജില്ലയിൽ 12 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും 40 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുമാണ് നിലവിലുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രവും നഗര ജനകീയ ആരോഗ്യ കേന്ദ്രവും 'നിർണയ' വഴി തപാൽ വകുപ്പിന്റെ സഹകരണത്തോടെ സാമ്പിൾ ട്രാൻസ്പോർട്ടേഷൻ സിസ്റ്റം നടപ്പാക്കിയ ആദ്യ ജില്ലയാണ് കോഴിക്കോട്. എല്ലാ നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയും നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേയും ഒപ്പം നിർണ്ണയ വഴി ലഭ്യമാക്കുന്ന മുഴുവൻ പരിശോധനകളും സൗജന്യമാണ്. 2025 സെപ്റ്റംബർ 19 ന് ആണ് ഈ പദ്ധതി നഗര പ്രദേശങ്ങളിൽ ആരംഭിച്ചത്. ആ മാസം 49 സാമ്പിളുകൾ പരിശോധനക്ക് അയച്ചിരുന്നു.

പൊതുജന ആരോഗ്യ സംവിധാനത്തിൽ ആദ്യമായാണ് തപാൽ വകുപ്പുമായി സഹകരിച്ച് ലാബ് പരിശോധനാ ശൃംഘല പ്രവർത്തിക്കുന്നത്. തപാൽ വകുപ്പ് ജീവനക്കാർ എല്ലാ ദിവസവും സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ എത്തിക്കുക മാത്രമല്ല അവ അയക്കുന്ന ശീതീകരണ സംവിധാനത്തോടു കൂടിയ ബോക്സുകൾ തിരികെയെത്തിക്കുകയും ചെയ്യും. പദ്ധതി യാഥാർത്ഥ്യമായതോടെ കൂടുതൽ ലാബ് പരിശോധനകൾ പൊതുജനങ്ങൾക്ക് ലളിതവും സുരക്ഷിതമായും ലഭ്യമാവുകയാണ്.

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള ലാബ് പരിശോധന സാമ്പിൾ ട്രാൻസ്പോർട്ടേഷൻ സിസ്റ്റമാണ് 'നിർണയ'. ജനകീയ / പ്രാഥമിക / കുടുംബ ആരോഗ്യ കേന്ദ്രത്തിൽ നിന്നും രോഗനിർണയത്തിനായി ശേഖരിക്കുന്ന സാമ്പിളുകൾ കൂടുതൽ പരിശോധനാ സൗകര്യമുള്ള ഉയർന്ന സർക്കാർ സ്ഥാപനങ്ങളിലെ ലാബുകളിൽ എത്തിച്ച് പരിശോധനകൾ നടത്തി ഫലം ലഭ്യമാക്കുകയാണ് ഇവിടെ ചെയ്യുന്നത്. സാമ്പിളുകളുടെ ട്രാൻസ്പോർട്ടേഷൻ തപാൽ വകുപ്പാണ് നിലവിൽ നടത്തുന്നത്. ഇതിനായി എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ഇതിനോടകം തപാൽ വകുപ്പിൽ അക്കൗണ്ടുകൾ എടുത്തു കഴിഞ്ഞു.

# വലിച്ചെറിയരുത്, പിഴ കിട്ടും

കേരള പൊതുജനാരോഗ്യനിയമപ്രകാരം 28000 രൂപ പിഴ അടക്കാൻ കോടതി വിധി



പാലക്കാട്: ജലസേചന കനാലിലേക്ക് ശുചിമുറിയിൽ നിന്നുള്ള മലിന ജലം ഒഴുക്കിയ കേസിൽ 28000 രൂപ പിഴ അടക്കാൻ കോടതി വിധി. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ അഞ്ച് കുടുംബങ്ങൾക്ക് വാടകക്ക് നൽകിയ വീടുകളിൽ നിന്ന് ശുചിമുറിയിൽ നിന്നുള്ളത് ഉൾപ്പടെയുള്ള മലിന ജലം തൊട്ടടുത്ത ജലസേചന കനാലിലേക്ക് പൈപ്പുകൾ ഇട്ട് ഒഴുക്കിയതാണ് കേസിനാധാരമായ സംഭവം. പ്രദേശത്ത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാനിടയുള്ള നിയമലംഘനം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വണ്ണാമട കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ കെ സുരേഷ് പൊതുജനാരോഗ്യ നിയമ പ്രകാരം നൽകിയ പരാതിയെത്തുടർന്നുള്ള കേസിലാണ് ചിറ്റൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 28000 രൂപ പിഴ വിധിച്ചത്. ജലാശയങ്ങളിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്നത് 2 ലക്ഷം രൂപ വരെ പിഴയും 3 വർഷം വരെ തടവും ശിക്ഷ ലഭിക്കാവുന്ന കുറ്റം ആണ് എന്നിരിക്കെ ആണ് ഏറെ നാളായി ഇത്തരമൊരു നിയമലംഘനം നടത്തിവന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചതും കൊഴിഞ്ഞാമ്പാറ പട്ടണത്തിലൂടെ ചുറ്റി വളഞ്ഞ് പോകുന്നതുമായ അങ്കരാത്ത് കനാൽ ഇടക്കാലത്ത് വലിയ പൊതുജനാരോഗ്യ ഭീഷണി ഉയർത്തുന്നു എന്ന നിലയിൽ വാർത്തകളിൽ സ്ഥാനം പിടിച്ചിരുന്നു.

കേരളത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് തുടർച്ചയായി ഉണ്ടാകുന്ന പകർച്ച വ്യാധികൾ. ഡെങ്കി, എലിപ്പനി, മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ, തുടങ്ങി അമീബിക് മസ്തിഷ്ക ജ്വരം വരെ വിവിധങ്ങളായ പകർച്ചവ്യാധികളുടെ വ്യാപന പശ്ചാത്തലം മിക്കവാറും ശരിയായി സംസ്കരണം ചെയ്യാതെ വലിച്ചെറിയപ്പെടുന്ന, പൊതുവിടങ്ങളിലും ജലാശയങ്ങളിലും കുന്നുകൂടപ്പെടുന്ന മാലിന്യങ്ങളാണ്.

ശുചിത്വം സംബന്ധിച്ച ബോധവത്കരണം സജീവമായി നടപ്പിലാക്കുന്നുണ്ടെങ്കിലും ശരിയായ ഫലപ്രാപ്തിക്കായി പൊതുജനാരോഗ്യം കാക്കാൻ കർശന ഇടപെടലുകളും നിയന്ത്രണങ്ങളും ഉറപ്പാക്കാൻ ആരോഗ്യ വകുപ്പിനും തദ്ദേശ സ്ഥാപനങ്ങൾക്കും അധികാരം നൽകുന്ന സമഗ്ര നിയമമാണ് കേരള പൊതുജനാരോഗ്യനിയമം 2023. ശക്തമായ നിയമസംവിധാനം കൊണ്ട് മാത്രമേ ഗുണപരമായ മാറ്റം കൊണ്ടുവരാനാവൂ. കേരള പൊതുജനാരോഗ്യ നിയമം ഇത്തരത്തിൽ വിപുലമായ ഇടപെടൽ സാധ്യതയാണ് നൽകുന്നത്. ലോകത്തിന് തന്നെ മാതൃകയാകും വിധം നൂതനമായ, ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തന മികവ് നിലനിർത്തുമ്പോഴും തുടർച്ചയായ സാംക്രമിക രോഗഭീതിയിൽ ഉലയുന്നുണ്ട് പലപ്പോഴും കേരളത്തിന്റെ ആരോഗ്യരംഗം. സുരക്ഷിതമല്ലാത്ത കുടിവെള്ള സ്രോതസ്സുകൾ, അസംസ്കൃത മാലിന്യങ്ങൾ തുടങ്ങി പൊതുജന ആരോഗ്യത്തിന് വെല്ലുവിളി ഉയർത്തുന്ന നിയമലംഘനങ്ങൾക്ക് കർശന നിയന്ത്രണവും ശിക്ഷയും ഉറപ്പാക്കാൻ ഇതിലൂടെ സാധിക്കുന്നു.

ഗർഭാശയഗളാർബുദം

# നേരത്തെ കണ്ടെത്തി ചികിത്സിക്കുക പ്രധാനം

നവംബർ 17 ലോക ഗർഭാശയഗളാർബുദ നിർമ്മാർജന ദിനം



തിരുവനന്തപുരം: സ്ത്രീകളെ ബാധിക്കുന്ന പ്രധാനപ്പെട്ട കാൻസറുകളിൽ ഒന്നാണ് ഗർഭാശയഗളാർബുദം അഥവാ സെർവിക്കൽ കാൻസർ. വിവിധ കാരണങ്ങളാൽ ഈ രോഗം സ്ത്രീകളിൽ വരാൻ സാധ്യതയുണ്ടെങ്കിലും ഹ്യൂമൻ പാപ്പിലോമ വൈറസ് എന്ന രോഗാണുവിന്റെ സാന്നിധ്യമാണ് ഈ ക്യാൻസറിലേക്ക് നയിക്കുന്ന പ്രധാന കാരണം. കേരളത്തിൽ 7.9 ശതമാനത്തോളം സ്ത്രീകളിൽ ഗർഭാശയഗളാർബുദം ഉണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. നേരത്തെ കണ്ടെത്തിയാൽ സങ്കീർണതകളില്ലാതെ ചികിത്സിക്കാൻ കഴിയുന്ന രോഗമാണ് കാൻസർ. ജനകീയ ആരോഗ്യ കേന്ദ്രം മുതലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നിശ്ചിത ദിവസങ്ങളിൽ കാൻസർ സ്ക്രീനിംഗിന് സൗകര്യമുണ്ട്. എല്ലാവരും തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലെത്തി കാൻസർ സ്ക്രീനിംഗ് നടത്തണമെന്ന് ആരോഗ്യ വകുപ്പ് അഭ്യർത്ഥിച്ചു.

സ്തനാർബുദവും തൈറോയ്ഡ് ക്യാൻസറും കഴിഞ്ഞാൽ ഗർഭാശയഗളാർബുദ കാൻസറാണ് കാണുന്നതെങ്കിലും മരണനിരക്ക് നോക്കുമ്പോൾ ഗർഭാശയഗള കാൻസറാണ് കൂടുതലായി കാണപ്പെടുന്നത്. പരിശോധന നടത്തുന്നതിനുള്ള കാലതാമസവും രോഗം കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകളിൽ എത്തുന്നതിനുള്ള വൈമുഖ്യവും കാരണമാണ് ഈ രോഗം പലപ്പോഴും ഗുരുതരമായി മാറാൻ ഇടയാവുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിനും, രോഗം നേരത്തെ കണ്ടെത്തുന്നതിനും, സംസ്ഥാന ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദം – അകറ്റാം അർബുദം' എന്ന ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു.

2024 ഫെബ്രുവരി 4–ന് ആരംഭിച്ച ഈ ക്യാമ്പയിനിൽ 20 ലക്ഷത്തിൽപ്പരം പേർ പങ്കെടുക്കുകയും മുപ്പതിനായിരത്തോളം പേരെ ഗർഭാശയഗള കാൻസർ രോഗം സംശയിച്ച് തുടർപരിശോധനയ്ക്ക് വിധേയമാക്കി. ഇതിൽ 84 പേർക്ക് കാൻസർ സ്ഥിരീകരിക്കുകയും 243 പേർക്ക് കാൻസർ വരാനുള്ള (പ്രീ കാൻസർ) ലക്ഷണം കണ്ടെത്താനും സാധിച്ചു. പ്രീ കാൻസർ ലക്ഷണമുള്ളവരെ കണ്ടെത്തി ചികിത്സിക്കുന്നതിലൂടെ അവർക്ക് കാൻസർ വരാതെ തടയാനാകും. ഗർഭാശയഗളാർബുദം തടയുന്നതിന് ഏറ്റവും ഉചിതമായ മാർഗം വാക്സിനേഷനാണ്. കൗമാരക്കാരായ പെൺകുട്ടികൾക്കാണ് ഈ വാക്സിൻ നൽകേണ്ടത്. കേരളത്തിൽ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സെർവിക്കൽ കാൻസറിനെതിരെയുള്ള വാക്സിൻ നൽകുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചിട്ടുണ്ട്. ഗർഭാശയഗളാർബുദ നിർമാർജനത്തിൽ ഈ വാക്സിനേഷൻ വളരെയേറെ സഹായിക്കും.

# ലോകപ്രമേഹദിനാചരണവും സെമിനാറും സംഘടിപ്പിച്ചു



എറണാകുളം: ലോക പ്രമേഹദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം തമ്മനം നഗര കുടുംബാരോഗ്യകേന്ദ്രത്തിൽ ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ പ്രസിലിൻ ജോർജ് നിർവഹിച്ചു. പരിപാടിയുടെ ഭാഗമായി ബോധവത്കരണ സെമിനാറും സംഘടിപ്പിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ആരതി കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. മെഡിക്കൽ ഓഫീസർ ഡോ. സെറീന മാത്യൂസ്, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർ ജോബി കെ പി, ടെക്നിക്കൽ അസിസ്റ്റന്റ് ബിജോഷ്, അർബൻ ഹെൽത്ത് കോർഡിനേറ്റർ സൗമ്യ സത്യനാഥ് എന്നിവർ ക്ലാസുകൾ നയിച്ചു.

ജില്ലയിൽ വിവിധ ആരോഗ്യകേന്ദ്രങ്ങളുടെ നേതൃത്വത്തിലും ദിനാചരണത്തിന്റെ ഭാഗമായി ബോധവത്കരണപരിപാടികളും ക്ലാസുകളും സംഘടിപ്പിച്ചു. പ്രചരണപ്രവർത്തനങ്ങൾക്കാവശ്യമായ പ്രമേഹരോഗ സംബന്ധമായ വീഡിയോ, റീൽ, പോസ്റ്ററുകൾ എന്നിവയുടെ പ്രകാശനവും നടത്തി.

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
ഡോ. വിനയ് ഗോയൽ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം
സീനിയർ എഡിറ്റർ
ഡോ. രാഹുൽ യു.ആർ
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി
എഡിറ്റർ
കെ പി ദിനേഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി
അസോസിയേറ്റ് എഡിറ്റർ
ജോബ മോഹൻ
ജെ.സി (ബി.സി.സി), സ്റ്റേറ്റ് മിഷൻ ഓഫീസ്
അസിസ്റ്റന്റ് എഡിറ്റർ
ടി ശില്പ ലക്ഷ്മി
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
ശ്രേയ കൃഷ്ണ ആർ
ജെ.സി (ബി.സി.സി), സ്റ്റേറ്റ് മിഷൻ ഓഫീസ്


അംഗങ്ങൾ
ജോബിൻ മാത്യു
കൺസൾട്ടന്റ് (ബി.സി.സി), ഇടുക്കി
ലാലി പ്രിയൻ
കൺസൾട്ടന്റ് (ബി.സി.സി), തൃശ്ശൂർ
ദിവ്യ ചേലാട്ട്
കൺസൾട്ടന്റ് (ബി.സി.സി), കോഴിക്കോട്
വിനു എ
കൺസൾട്ടന്റ് (ബി.സി.സി), എറണാകുളം
വിനീഷ് സി ആർ
കൺസൾട്ടന്റ് (ബി.സി.സി), കോട്ടയം
ആനന്ദ് ജോസഫ്
കൺസൾട്ടന്റ് (ബി.സി.സി), ആലപ്പുഴ
വർഷ ജയപ്രകാശ്
കൺസൾട്ടന്റ് (ബി.സി.സി), തിരുവനന്തപുരം
പ്രിയ എം
ജെ.സി (ബി.സി.സി), പാലക്കാട്
ദിവ്യ ഇ ആർ
കൺസൾട്ടന്റ് (ബി.സി.സി), മലപ്പുറം
ബിജേഷ് രവീന്ദ്രൻ
ജെ.സി (ബി.സി.സി), കണ്ണൂർ
കമൽ കെ ജോസഫ്
ജെ.സി (ബി.സി.സി), കാസറഗോഡ്
സിജിൻ കെ എസ്
ജെ.സി (ബി.സി.സി), വയനാട്
അജിത് കുമാർ പി എ
ജെ.സി (ബി.സി.സി), പത്തനംതിട്ട
അശ്വിനി രവീന്ദ്രൻ
ജെ.സി (ബി.സി.സി), കൊല്ലം
ശ്രീദേവി കെ എസ്
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്




കോമൺ റിവ്യൂ മിഷന് എത്തിയ കേന്ദ്രസംഘം ആരോഗ്യകേരളം ഉദ്യോഗസ്ഥരോടൊപ്പം

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ**

# മൈക്ര എ.വി. ലീഡ്‌ലെസ് പേസ്‌മേക്കർ ചികിത്സ വിജയകരം



തിരുവനന്തപുരം: സർക്കാർ മെഡിക്കൽ കോളേജ്, കാർഡിയോളജി വിഭാഗത്തിൽ മൈക്ര എ.വി ലീഡ്‌ലെസ് പേസ്‌മേക്കർ ചികിത്സ വിജയകരം. താക്കോൽ ദ്വാര ശസ്ത്രക്രിയയിലൂടെ മൈക്ര എ.വി. ലീഡ്‌ലെസ് പേസ്‌മേക്കർ ചികിത്സ നടത്തിയ ആദ്യത്തെ സർക്കാർ മെഡിക്കൽ കോളേജായി മാറിയിരിക്കുകയാണ്തിരുവനന്തപുരം മെഡിക്കൽ കോളേജ്. അഞ്ചൽ സ്വദേശിയായ 74 വയസുള്ള രോഗിയിലാണ് ഈ ചികിത്സ വിജയകരമായി പൂർത്തിയാക്കിയത്.

മൈക്ര ലീഡ്‌ലെസ് പേസ്‌മേക്കർ എന്നത് ഹൃദയത്തിലേക്ക് നേരിട്ട് സ്ഥാപിക്കുന്ന വിപ്ലവകരമായ ഒരു ഉപകരണമാണ്. ഇത് പേസ്‌മേക്കർ ലീഡുകളുടെ ആവശ്യകത ഒഴിവാക്കുകയും സങ്കീർണതകൾ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുന്നു. ഈ നൂതന സാങ്കേതികവിദ്യ രോഗികളുടെ മികച്ച ഫലങ്ങളും ജീവിത നിലവാരവും ഉറപ്പാക്കുന്നു. ഈ ചികിത്സ വഴി ഹൃദയമിടിപ്പ് കുറയാതെ ഇരിക്കുന്നതിനും ഹൃദയത്തിന്റെ താളം തെറ്റൽ ക്രമീകരിക്കുന്നതിനും സാധിക്കുന്നു. സങ്കീർണതകൾ കുറയ്ക്കൽ, കുറഞ്ഞ മുറിപ്പാടുകൾ, രോഗിയുടെ മെച്ചപ്പെട്ട ശാരീരികാവസ്ഥ വീണ്ടെടുക്കൽ എന്നിവയുടെ സഹായത്തിന് ഉതകുന്നതാണ് ഈ അത്യാധുനിക ചികിത്സാ രീതി.

മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗം മേധാവി പ്രൊഫ. മാത്യു ഐപ്പ്, പ്രൊഫ. സിബു മാത്യു, പ്രൊഫ. കൃഷ്ണകുമാർ ബി എന്നിവരുടെ നേതൃത്വത്തിലാണ് ചികിത്സ നടത്തിയത്. പേസ്‌മേക്കർ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. അരുൺ ഗോപിയുടെ മാർഗനിർദേശത്തിലും വിദഗ്ധ കാർഡിയോളജിസ്റ്റുകളായ പ്രൊഫ. സുരേഷ് മാധവൻ, പ്രൊഫ. പ്രവീൺ വേലപ്പൻ, ഡോ. ലയസ് മുഹമ്മദ്, നഴ്സിംഗ് ഓഫീസർമാരായ രാജലക്ഷ്മി, സൂസൻ, ജാൻസി, ടെക്നീഷ്യൻമാരായ പ്രജീഷ്, കിഷോർ, അസിംഷ തുടങ്ങിയവരുടെ കൂട്ടായ പരിശ്രമത്തിലൂടെയാണ് ചികിത്സ പൂർത്തിയാക്കിയത്. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പി.കെ. ജബ്ബാർ, സൂപ്രണ്ട് ഡോ. ജയചന്ദ്രൻ എന്നിവർ ഏകോപിച്ചു.



അമീബിക് മസ്തിഷ്കജ്വരം ബാധിച്ച ഇടുക്കി ജില്ലക്കാരനായ 10 വയസുകാരൻ 33 ദിവസത്തെ ചികിത്സയ്ക്ക് ശേഷം അസുഖം ഭേദമായി കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ കുട്ടികളുടെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തപ്പോൾ. കോട്ടയം മെഡിക്കൽ കോളേജിലെ കുട്ടികളുടെ ആശുപത്രിയുടെ സുവർണ ജൂബിലി വേളയിലാണ് ഇത് എന്ന പ്രത്യേകത കൂടി ഉണ്ട്.

**വയനാട്ടിലെ സർക്കാർ ആശുപത്രികളിൽ ഇതാദ്യം**

# വൈത്തിരിയിൽ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരം



വൈത്തിരി താലൂക്ക് ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തുന്ന മെഡിക്കൽ സംഘം

വയനാട്: അതീവ സങ്കീർണമായ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി വൈത്തിരി താലൂക്ക് ആശുപത്രി. വർഷങ്ങൾക്കു മുമ്പ് മറ്റൊരു ആശുപത്രിയിൽ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായ വ്യക്തിക്ക് പിന്നീട് ശാരീരിക ബുദ്ധിമുട്ടുകളും സങ്കീർണതകളുമുണ്ടായതിനെ തുടർന്ന് വീണ്ടും ശസ്ത്രക്രിയ നടത്തി ഇടുപ്പ് പൂർണമായി മാറ്റിവയ്ക്കുകയായിരുന്നു. ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ആദ്യമായാണ് ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നത്. ചികിത്സയ്ക്ക് വിധേയനായ സുൽത്താൻ ബത്തേരി സ്വദേശി ദീർഘനാളായി തന്നെ അലട്ടിയിരുന്ന വേദനകൾക്ക് ശമനം ലഭിച്ച ആശ്വാസത്തിലാണിപ്പോൾ.

വിവിധ ആശുപത്രികളിൽ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കാറുണ്ടെങ്കിലും സംസ്ഥാനത്ത് വളരെ അപൂർവമായി മാത്രമാണ് അതീവ സങ്കീർണമായ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തുന്നത്. ഒരുതവണ മാറ്റിവച്ച കൃത്രിമ ഇടുപ്പ് സന്ധിക്ക് എന്തെങ്കിലും പ്രശ്നം സംഭവിക്കുമ്പോൾ ശസ്ത്രക്രിയയിലൂടെ അത് പൂർണമായും മാറ്റി പുതിയത് സ്ഥാപിക്കുകയാണ് ഇതിലൂടെ. വൈത്തിരി താലൂക്ക് ആശുപത്രിയിലെ അസ്ഥിരോഗ വിദഗ്ധനായ ഡോ. നിഖിൽ നാരായണന്റെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. താലൂക്ക് ആശുപത്രിയിലെ മുൻ അസ്ഥിരോഗ വിദഗ്ധനും നിലവിൽ മലപ്പുറം താലൂക്ക് ആശുപത്രിയിലെ ഡോക്ടറുമായ കെ. രാജഗോപാലൻ, അനസ്തേഷ്യ ജൂനിയർ കൺസൾട്ടന്റ് ഡോ. സക്കീർ ഹുസൈൻ എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി.

ചെറുപ്രായത്തിലുണ്ടായ ഒരു അപകടത്തിലാണ് സുൽത്താൻ ബത്തേരി സ്വദേശിയുടെ ഇടുപ്പിൽ മുള്ള കുത്തിക്കയറിയത്. പിന്നീട് വിവിധ ആശുപത്രികളിൽ പല ശസ്ത്രക്രിയകൾക്ക് വിധേയനായി. സർക്കാർ ജീവനക്കാരനായിരുന്ന അദ്ദേഹത്തിന് ശാരീരിക ബുദ്ധിമുട്ടുകളും ശസ്ത്രക്രിയയുടെ ഭാഗമായുണ്ടായ പ്രയാസങ്ങളും വിട്ടുമാറിയിരുന്നില്ല. ആദ്യം ശസ്ത്രക്രിയയിലൂടെ മാറ്റിവച്ച ഇടുപ്പ് ഇളകുകയും ഉള്ളിൽ പഴുപ്പ് നിറയുകയും ചെയ്തതോടെ കടുത്ത വേദനയായി. ശസ്ത്രക്രിയകളുടെ ഭാഗമായി കാലിന്റെ നീളം കുറഞ്ഞതും പ്രശ്നമായി. അണുബാധയേറ്റ് വേദന അസഹനീയമാവുകയും ചലനശേഷി കുറയുകയും ചെയ്തതോടെയാണ് വൈത്തിരി താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടിയത്. 2025 മെയ് മുതൽ അഞ്ചുമാസം മരുന്നുകൾ കഴിക്കുകയും ഒക്ടോബർ 17ന് റിവിഷൻ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനാവുകയും ചെയ്തു. പ്രാഥമിക ഇടുപ്പ് മാറ്റിവയ്ക്കലിനേക്കാൾ ദൈർഘ്യമേറിയതും ഏറെ സങ്കീർണവുമായി രണ്ടാമത്തെ ശസ്ത്രക്രിയയെന്ന് ഡോ. നിഖിൽ നാരായണൻ പറഞ്ഞു. പഴയ ഇംപ്ലാന്റ് നീക്കം ചെയ്യുകയും എല്ലിന്റെ അവസ്ഥ വിലയിരുത്തി ആവശ്യമെങ്കിൽ എല്ല് മാറ്റിവയ്ക്കുകയും പുതിയ ഇംപ്ലാന്റ് സ്ഥാപിക്കുകയും ചെയ്യുന്നു. ആദ്യ ശസ്ത്രക്രിയയെ അപേക്ഷിച്ച് രോഗി സുഖം പ്രാപിക്കാൻ കൂടുതൽ സമയം ആവശ്യമാണ്. വൈത്തിരി താലൂക്ക് ആശുപത്രിയിൽ എട്ടോളം ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും 158 മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും നടത്തിയിട്ടുണ്ട്.